# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2390** **16-03-2022 - ൽ മറുപടിയ്ക്ക്**

## വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിൽപ്പനയും ഉപയോഗവും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സ്കൂൾ, കോളേജ് പരിസരത്തിൽ പുകയിലയുമായി ബന്ധപ്പെട്ട ലഹരി പദാർത്ഥങ്ങൾ വില്പന നടത്തിയതിന് COTPA പ്രകാരം 2021-ൽ 74604 കേസുകളിലായി പിഴ ഈടാക്കുകയും 2022 ഫെബ്രുവരി മാസത്തിൽ 7984 കേസുകളിലായി 2003 കിലോഗ്രാം നിരോധിത ലഹരി വസ്തുക്കൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വിൽപ്പനയും ഉപയോഗവും തടയുന്നതിന് എന്തെല്ലാം നപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദീകരിക്കുമോ? | (ബി) | സ്കൂളുകളുടെയും, കോളേജുകളുടേയും പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും തടയുന്നതിനായി എല്ലാ സ്കൂൾ പരിസരങ്ങളും രഹസ്യമായി നിരീക്ഷിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലത്തിൽ എക്സൈസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരടങ്ങിയ വിമുക്തി ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. വിമുക്തി ക്ലബ്ബ് മുഖേന ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും, വിവിധ കലാകായിക മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നു. പ്രൊഫഷണൽ കോളേജുകളിലും, ഹോസ്റ്റലുകളിലും 'ശ്രദ്ധ', 'നേർക്കൂട്ടം' പദ്ധതികളുടെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിയെക്കുറിച്ചുള്ള പരാതികൾ ടെലഫോൺ മുഖേനയും വാട്സ് ആപ്പ് മുഖേനയും എക്സൈസ് വകുപ്പിനെ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ